"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പളളിക്കുന്ന് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റായിരുന്ന ശ്രീമതി. മഹിജ കെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1376/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/07/2021

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 12.12.2018 ലെ ഡി9-41497/15 നമ്പർ നടപടി ക്രമങ്ങൾ

2 ശ്രീമതി. മഹിജ കെ 29/01/2019-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 27/03/2019 തീയതിയിലെ PAN/677/2019-D9(DP) നമ്പർ റിപ്പോർട്ട്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ പളളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ശ്മശാനത്തിലെ ദിവസേനയുള്ള വരവ് യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനു വീഴ്ച വരുത്തിയതായി കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്ന സാഹചര്യത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ.വി.അശോകൻ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.രാഹുൽ രാമചന്ദ്രൻ അക്കൗണ്ടന്റായിരുന്ന ശ്രീമതി.കെ.മഹിജ എന്നിവർക്കെതിരെ താഴെ പറയുന്ന കുറ്റാരോപണങ്ങൾ മുൻനിർത്തി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

1) പളളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ച വരവെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ശ്മശാനത്തിൽ നിന്നുള്ള വരവ് തുക തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിലൂടെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടിന് കൂട്ട് നിന്നു.

2) പൊതുപണം കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ചട്ടങ്ങൾ തന്റെ ഓഫീസിൽ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തി.

3) പഞ്ചായത്തിന്റെ വരവ് ചിലവുകൾ, ക്യാഷ് ബുക്ക് എന്നിവ അതാത് ദിവസം തന്നെ ക്ലോസിങ് നടത്തി ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി.

മേൽ കുറ്റാരോപണ മെമ്മോക്ക് കുറ്റാരോപിതരായ ഉദ്യോഗസ്ഥർ എതിർവാദ പത്രികകൾ ലഭ്യമാക്കുകയും തുടർന്ന് ലഭ്യമായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം ജൂനിയർ സൂപ്രണ്ടായ ശ്രീ.രാഹുൽ രാമചന്ദ്രൻ എന്നവർക്കെതിരെയുള്ള കുറ്റങ്ങൾ പൂർണ്ണമായും തെളിയിക്കപ്പെടാത്തതിനാൽ ടിയാനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു.. സെക്രട്ടറിയായിരുന്ന ശ്രീ.വി.അശോകൻ എന്നവർക്കെതിരെയുള്ള അച്ചടക്കനടപടി, പഞ്ചായത്തിലെ വരുമാനം യഥാസമയം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ വീഴ്ച വരുത്തി, മേൽനോട്ട പിഴവ് വരുത്തി എന്നീ കുറ്റം നിലനിൽക്കുന്നതായി ബോധ്യപ്പെട്ട് ടിയാന്റെ മൂന്ന് വാർഷിക ശമ്പളവർദ്ധനവ് സഞ്ചിതഫലമില്ലാതെ തടയുന്നതിനും കൂടാതെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് വീഴ്ച വരുത്തിയ തുകയുടെ പലിശ ഈടാക്കുന്നതിന് താത്ക്കാലികമായി തീരുമാനിക്കുകയും ചെയ്തുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയെങ്കിലും സമയബന്ധിതമായി മറുപടി ലഭ്യമാകാത്തതിനാൽ ടിയാനെതിരെ താത്കാലികമായി തീരുമാനിച്ച ശിക്ഷ സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നു. ടി കേസിലെ അക്കൗണ്ടന്റായിരുന്ന ശ്രീമതി.കെ.മഹിജ എന്നവർക്കെതിരെയുള്ള അച്ചടക്കനടപടി കാരണം കാണിക്കൽ നോട്ടീസ് പ്രകാരം നിശ്ചയിച്ച താത്ക്കാലിക ശിക്ഷയായിരുന്ന രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടയുക എന്നതിൽ ടിയാരിയുടെ മറുപടിയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായവും പരിഗണിച്ച് ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീമതി കെ.മഹിജ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. അപ്പീൽ അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടർ ചുവടെ കുറിക്കും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിട്ടുണ്ട്.

ശ്രീമതി മഹിജ.കെ സമർപ്പിച്ച എതിർവാദപത്രികയിലെ വാദങ്ങൾ പരിഗണിക്കാവുന്നതാണെന്നും, പ്രസ്തുത വിഷയത്തിൽ ടിയാരിയെ നേരിൽ കേട്ടല്ല അച്ചടക്ക നടപടി തീർപ്പാക്കിയതെന്നും കൂടാതെ അതാത് ദിവസം തുക അടവാക്കുന്നതിന് ക്യാഷ്യർക്കും അക്കൗണ്ടന്റിനും തുല്യ ഉത്തരവാദിത്തമുണ്ടെന്നും, അതാത് ദിവസം ആയത് സാക്ഷ്യപ്പെടുത്തി കാലികമാക്കേണ്ടത് സൂപ്പർവൈസറി തസ്തികയിലുള്ള ജീവനക്കാരുടെ ഉത്തരവാദിത്തമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ ക്യാഷ്യറായിരുന്ന ശ്രീ.സജീവൻ.പി.കെ എന്നവരെ പ്രസിഡന്റ് സസ്പെന്റ് ചെയ്തിരുന്നു. അതിനെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് 12.11.2015 ലെ സ.ഉ.(സാധാ)നം.1211/2016/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുള്ളതും, ടിയാന്റെ സസ്പെൻഷൻ കാലം 21.12.2016 ലെ സ.ഉ(സാധാ)നം.3483/2016/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ക്രമീകരിച്ച ഉത്തരവായിട്ടുണ്ടായിരുന്നു എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി മഹിജ.കെ സമർപ്പിച്ച അപ്പീൽ അപേക്ഷയുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടിയാരിയെ നേരിൽ കേൾക്കുകയുണ്ടായി. തത്സമയം ടിയാരി ഇപ്രകാരം അറിയിച്ചിട്ടുണ്ട്.

പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ച 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കുറ്റാരോപണ പത്രികയിൽ പറഞ്ഞിരിക്കുന്നതുമായ കളക്ഷൻ സംഖ്യ പഞ്ചായത്തിലെ കാഷ്യറുടെ ചുമതല നൽകിയിട്ടുള്ള ശ്രീ.പി.കെ സജീവൻ എന്നവർ യഥാസമയം ബാങ്കിൽ ഒടുക്കുന്നില്ലായെന്ന് മനസ്സിലാക്കുകയും ആയതിനാൽ കാഷ്യർ ചുമതലയുള്ള ജീവനക്കാരന് നിർദ്ദേശം നൽകുന്നതിന് ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരോട് ടിയാരി വാക്കാൽ അപേക്ഷിക്കുകയും തുടർ നടപടികൾ ഉണ്ടാകാത്തതിനെ തുടർന്ന് 09.03.2015 ന് രേഖാമൂലം സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് ഇക്കാര്യം പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഉത്തരവാദിയായ ജീവനക്കാരനെതിരെ പഞ്ചായത്ത് സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധിപ്പിക്കുകയും ചെയ്തു. ഒരു അക്കൗണ്ടന്റ് എന്ന നിലയിൽ ഫ്രണ്ട് ഓഫീസിൽ വരുന്ന കളക്ഷൻ ആ ദിവസങ്ങളിൽ തന്നെ അടവാക്കുന്നുണ്ടോ എന്നതാണ് ശ്രദ്ധിക്കേണ്ടത് എന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള അപാകത വന്നിട്ടില്ലെന്നും ടിയാരി നേരിൽ കേട്ട സമയത്ത് അറിയിക്കുകയുണ്ടായി.

ശ്രീമതി മഹിജ.കെ യെ നേരിൽ കേട്ടപ്പോൾ ഉന്നയിച്ച വാദങ്ങളുടെ അടിസ്ഥാനത്തിലും സമർപ്പിച്ച രേഖകളുടെ വെളിച്ചത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അക്കൗണ്ടന്റ് ശ്രീമതി.കെ.മഹിജ എന്നവർക്കെതിരെയുള്ള അച്ചടക്കനടപടി കാരണം കാണിക്കൽ നോട്ടീസ് പ്രകാരം നിശ്ചയിച്ച താത്ക്കാലിക ശിക്ഷയായിരുന്ന രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടയുക എന്നത് ടിയാരിയുടെ മറുപടിയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായവും പരിഗണിച്ചാണ് ഒരുവാർഷിക ശമ്പളവർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നത്. എന്നാൽ തുക അടവാക്കുന്നതിന് ക്യാഷ്യർക്കും അക്കൗണ്ടന്റിനും തുല്യ ഉത്തരവാദിത്തമുണ്ടെന്നും, അതാത് ദിവസം ആയത് സാക്ഷ്യപ്പെടുത്തി കാലികമാക്കേണ്ടത് സൂപ്പർവൈസറി തസ്തികയിലുള്ള ജീവനക്കാരുടെ ഉത്തരവാദിത്തമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും യഥാസമയം ഉത്തരവാദിത്തപ്പെട്ടവർ കളക്ഷൻ സംഖ്യ ബാങ്കിൽ ഒടുക്കുന്നില്ലായെന്ന് മനസ്സിലാക്കുകയും ആയതിനാൽ കാഷ്യർ ചുമതലയുള്ള ജീവനക്കാരന് നിർദ്ദേശം നൽകുന്നതിന് ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരോട് ടിയാരി വാക്കാൽ അപേക്ഷിക്കുകയും തുടർ നടപടികൾ ഉണ്ടാകാത്തതിനെ തുടർന്ന് 09.03.2015 ന് രേഖാമൂലം സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് ഇക്കാര്യം പഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഉത്തരവാദിയായ ജീവനക്കാരനെതിരെ പഞ്ചായത്ത് സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഒരു അക്കൗണ്ടന്റ് എന്ന നിലയിൽ ഫ്രണ്ട് ഓഫീസിൽ വരുന്ന കളക്ഷൻ ആ ദിവസങ്ങളിൽ തന്നെ അടവാക്കുന്നുണ്ടോ എന്ന് മാത്രമാണ് ശ്രദ്ധിക്കേണ്ടതുള്ളൂ എന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള അപാകത വന്നിട്ടില്ലെന്നും സാമ്പത്തികമായോ, മറ്റോ ഒരു തെറ്റും തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നുമുള്ള ശ്രീമതി മഹിജയുടെ മൊഴി പരിഗണിച്ചും നീതിയ്ക്കു വേണ്ടി ഉറച്ച നിലപാടുകൾ സ്വീകരിക്കുകയും കുറ്റകൃത്യത്തിനെതിരായി തന്നാൽ കഴിയുന്ന വിധം നിലകൊള്ളുകയും ചെയ്ത ശ്രീമതി.മഹിജ.യ്ക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് ഒട്ടും ന്യായീകരിക്കത്തക്കതല്ല എന്ന് വിലയിരുത്തി ഒരു വാർഷിക ശമ്പള വർദ്ധനവ സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു തടഞ്ഞുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ അച്ചടക്ക നടപടി ഒഴിവാക്കി ടിയാരിയെ കുറ്റവിമുക്തയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. ശ്രീമതി. മഹിജ. കെ, അസിസ്റ്റന്റ് സെക്രട്ടറി, മുണ്ടേരി ഗ്രാമ പഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പ്രസിഡന്റ്/സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/89/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 22-07-2021 17:19:12
Reason: Approved
സെക്ഷൻ ഓഫീസർ